പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4722

27/06/2014- ൽ മറുപടിക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| (എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ സമാശ്വാസ തൊ ഴിൽദാനപദ്ധതി പ്രകാരം ക ണ്ടിജന്റ് വിഭാഗം ജീവന ക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) സർക്കാരിന്റെ 24/5/99 ലെ ജി.ഒ(പി)നമ്പർ 12/99/പി&എആർഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മുനിസിപ്പൽ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി കേരള സംസ്ഥാന മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (ബി) വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) സമാശ്വാസ തൊ ഴിൽദാനപദ്ധതി പ്രകാരം എത്ര ജീവനക്കാർ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലി നോ ക്കുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നത് എൻട്രികേഡറി ലാണോ; അല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഡി) എൻട്രി കേഡറിലും, പ്രൊമോഷൻ തസ്തികയിലും ഗ്രേഡേഷൻ ലിസ്റ്റ് തയ്യാറാക്കാറുണ്ട്. |
| (ഇ) നഗര കാര്യ ഡയറക്ടറേറ്റിലെ നിലവി ലുള്ള തസ്തികകളുടെ എണ്ണം എത്ര; ഇ തിൽ പി.എസ്.സി. വഴി നിയമി ക്കപ്പെട്ടവരുടെ എണ്ണം എത്ര; സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമിക്കപ്പെട്ടവരുടെ എണ്ണം എത്ര; തസ്തിക തിരിച്ച് വിവരം നൽകുമോ; | (ഇ) നഗരകാര്യ വകുപ്പിൽ നിലവിൽ 125 തസ്തികകളുണ്ട്. ടി തസ്തികകളിൽ 108 പേർ പി.എസ്.സി മുഖേന നിയമനം ലഭിച്ചവരും 12 പേർ ആശ്രിതനിയമനം വഴി നിയമിച്ചവരുമാണ്. വിശദവിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് ; കാറ്റഗറി തിരിച്ച് വിവരം നൽകുമോ; | (എഫ്) വിശദവിവരം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ജി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ യോഗ്യതയുള്ളവർക്ക് പ്രൊവിഷണലായി യു.ഡി.സി തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാരിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ

അനു[illegible] ലൈബ്രറിയിൽ ലഭ്യമാണ്